**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3859** **15-07-2022 - ൽ മറുപടിയ്ക്ക്**

**തൊടുപുഴ ജില്ലാ ആശുപത്രിയിലെ അഡീഷണൽ ബ്ലോക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തൊടുപുഴ ജില്ലാ ആശുപത്രിയുടെ അഡീഷണൽ ബ്ലോക്ക് പ്രവർത്തനക്ഷമമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | **ജില്ലാ ആശുപത്രി തൊടുപുഴയിലെ അഡീഷണൽ ബ്ലോക്ക്, 2015-16 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ RIDF XXI പ്രകാരമാണ് പണിപൂർത്തിയാക്കിയത്. പുതിയ കെട്ടിടത്തിന് ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ്, കെട്ടിട നമ്പർ എന്നിവ ലഭിച്ചിട്ടില്ല. അഡീഷണൽ ബ്ലോക്കിന്റെ ചുറ്റും ഫയർ & സേഫ്റ്റിയുടെ ആവശ്യത്തിന് 5 മീറ്റർ തുറസ്സായ**<br><br>**സ്ഥലം ആവശ്യമാണ്. ഇവ കണ്ടെത്തുന്നതിനു വേണ്ടി ഒ.പി.ഡി. കെട്ടിടം പൊളിക്കൽ, ജനറേറ്റർ മാറ്റി സ്ഥാപിക്കൽ എന്നിവയുള്ള നടപടിക്രമങ്ങൾ നടന്നു വരികയാണ്. 2 ലക്ഷം ലിറ്റർ ജലം ശേഖരിക്കുന്നതിനു വേണ്ടിയുള്ള ഭൂഗർഭജല സംഭരണിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.** |
| (ബി) | തൊടുപുഴ ജില്ലാ ആശുപത്രിയിലെ ഓക്സിജൻ ജനറേറ്റർ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവർത്തനക്ഷമമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ പി.എം.കെയർ പദ്ധതിയിൽ ബാംഗ്ലൂർ ആസ്ഥാനമായുള്ള BEML Ltd. എന്ന കമ്പനിയാണ് പ്ലാന്റ് സ്ഥാപിച്ചത്. 93% പ്യൂരിറ്റി ഉണ്ടെങ്കിലെ രോഗികൾക്ക് ഈ പ്ലാന്റിലെ ഓക്സിജൻ നൽകാൻ കഴിയൂ. എന്നാൽ ഇതുവരെ 93% പ്യൂരിറ്റിയുള്ള ഓക്സിജൻ പ്ലാന്റിൽ നിന്ന് കിട്ടിയിട്ടില്ല. പ്ലാന്റ് സ്ഥാപിച്ച BEML കമ്പനിയെ നിരവധി തവണ അറിയിച്ചെങ്കിലും ടി പ്രശ്നത്തിന് പരിഹാരം ആയിട്ടില്ല. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ